പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2049 — 17.02. 2016 ൽ മറുപടിക്ക്

കെ.എസ്. ഇ.ബി. മസ്ദൂർ നിയമനം

ചോദ്യം

ശ്രീ. റ്റി.വി.രാജേഷ്

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്

(ഊർജ്ജ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) 30.09.2013-ന് നിലവിൽ വന്ന കെ.എസ്.ഇ.ബി. മസ്ദൂർ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെയായി എത്ര പേർക്ക് നിയമനം നൽകി; എത്ര ഒഴിവുകൾ നിലവിലുണ്ട്; ലിസ്റ്റിന്റെ കാലാവധി എന്നവസാനിക്കും; ജില്ല തിരിച്ച് വിശദാംശം നൽകുമോ; | (എ) 1877 പേർക്ക് നിയമനം നൽകി. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| | |
|---|---|
| തിരുവനന്തപുരം | 177 |
| കൊല്ലം | 17 |
| ആലപ്പുഴ | 20 |
| പത്തനംതിട്ട | 2 |
| കോട്ടയം | 55 |
| ഇടുക്കി | 30 |
| എറണാകുളം | 139 |
| തൃശ്ശൂർ | 379 |
| പാലക്കാട് | 287 |
| മലപ്പുറം | 277 |
| കോഴിക്കോട് | 222 |
| വയനാട് | 77 |
| കണ്ണൂർ | 119 |
| കാസർഗോഡ് | 78 |

ജില്ല തിരിച്ചുള്ള ഒഴിവുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| തൃശ്ശൂർ | 11 |
| പാലക്കാട് | 1 |
| കണ്ണൂർ | 2 |
| കാസർഗോഡ് | 7 |

മറ്റ് ജില്ലകളിൽ ഒഴിവില്ല.

| | |
|---|---|
| | ഒരു തസ്തികയുടെ റാങ്ക് ലിസ്റ്റിന്റെ കാലാവധി ടി.ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും ആയിരിക്കും. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് പുതിയ ഒരു റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ പഴയ റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. |
| (ബി) 01.01.2013-ന് ശേഷം ഓവർസീയർ- ലൈൻമാൻ തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ടായിരുന്നു; പ്രസ്തുത ഒഴിവുകളിൽ യഥാസമയം പ്രമോഷൻ നൽകി നിയമനം നടത്തിയിട്ടുണ്ടോ; എങ്കിൽ എത്രപേരെ അത്തരത്തിൽ നിയമിച്ചിട്ടുണ്ട്; ജില്ലതിരിച്ച് വിശദാംശം നൽകുമോ; | (ബി) ഓവർസിയർ തസ്തികയിൽ നിലവിൽ ഒഴിവില്ല. ലൈൻമാൻ തസ്തികയിൽ നിലവിൽ 378 ഒഴിവുകളുണ്ട്. ലൈൻമാൻ തസ്തികയിൽ നിന്നും ഓവർസിയറായി 276 പേർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്. മസ്ദൂർ തസ്തികയിൽ നിന്നും ലൈൻമാനായി 426 പേർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്. പ്രസ്തുത നിയമനങ്ങൾ ജില്ലാ അടിസ്ഥാനത്തിലല്ല, സംസ്ഥാനാടിസ്ഥാനത്തിലാണ് നടത്തുന്നത്. |
| (സി) യഥാസമയം പ്രമോഷൻ നൽകി നിലവിലുള്ള മസ്ദൂർ റാങ്ക് ലിസ്റ്റിൽ നിന്നും പരമാവധി ഉദ്യോഗാർത്ഥി-കളെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) ലൈൻമാൻ തസ്തികയിലേയ്ക്ക് പ്രമോഷനും മസ്ദൂർ തസ്തികയിൽ നിയമനവും യഥാസമയം നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ